# ജമാഅത്തെ ഇസ്‌ലാമി രൂപീകരണ സമ്മേളനം

**1941 ആഗസ്റ്റ് 26-ന് ലാഹോറിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി രൂപീകര സമ്മേളനത്തിന്റെ സംക്ഷിപ്ത റിപ്പോർട്ടാണ് ചുവടെ റൂദാദ് ഒന്നാം ഭാഗത്തിൽനിന്നുള്ള സംഗ്രഹം**

"മുസൽമാൻ ഔർ മജൂദഃ സിയാസീകശ്മകശ്" എന്ന ഗ്രന്ഥത്തിന്റെ മൂന്നാം ഭാഗത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തെയും അതിന്നായി പ്രവർത്തിക്കുന്ന ഒരു സംഘടനയുടെ ആവശ്യകതയും വിശദീകരിച്ച് (മൗലാനാ മൗദൂദി) എഴുതിയിരുന്നു. അതോടൊപ്പം ഉദ്ദിഷ്ട സംഘടനയുടെ രൂപീകരണം സംബന്ധിച്ച ഒരു രൂപരേഖയും അദ്ദേഹം സമർപ്പിക്കുകയുണ്ടായി. പിന്നീട്, ഹി: 1360 സഫറിൽ, തർജുമാനുൽ ഖുർആനിലൂടെ, ഈ ആശയം അംഗീകരിച്ച് പ്രവർത്തിക്കാൻ സന്നദ്ധതയുള്ളവർ ഓഫീസിൽ വിവരമറിയിക്കണമെന്ന് ആവശ്യപ്പെട്ടു. ഏതാനും ദിവസങ്ങൾക്കകം തർജുമാൻ ഓഫീസിൽ പ്രതികരണങ്ങൾ ലഭിച്ചു തുടങ്ങി. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ജമാഅത്ത് രൂപീകരണത്തിന് കാത്തിരിക്കുന്ന അതിന് വേണ്ടി പ്രവർത്തിക്കാൻ സന്നദ്ധരായ ഒട്ടേറെ ആളുകളുണ്ടെന്ന് അത് വ്യക്തമാക്കി. അതിനാൽ അവരെയെല്ലാം ഒരിടത്ത് ഒരുമിച്ച് കൂട്ടി ഒരു ജമാഅത്ത് രൂപീകരിക്കാൻ തീരുമാനിച്ചു. 1941 ആഗസ്റ്റ് 25 (1360 ശഅ്ബാൻ 1) യോഗദിവസമായി നിശ്ചയിക്കുകയും ജമാഅത്തിൽ ചേരാൻ താൽപര്യം പ്രകടിപ്പിക്കുന്ന എല്ലാവർക്കും ക്ഷണക്കത്തുകളയക്കുകയും ചെയ്തു. പ്രാഥമിക ജമാഅത്തുകൾ ഉള്ളയിടങ്ങളിൽനിന്ന് പ്രതിനിധികളും മറ്റിടങ്ങളിൽ നിന്ന് പരമാവധി ഓരോരുത്തരും പങ്കെടുക്കണമെന്നായിരുന്നു നിർദേശം. ക്ഷണക്കത്തുകൾ ലഭിച്ച 150 പേരിൽ പലരും രണ്ടു മൂന്നു ദിവസങ്ങൾ മുമ്പുതന്നെ സ്ഥലത്തെത്തി. മൊത്തം 75 പേരാണ് യോഗത്തിൽ സംബന്ധിച്ചത്.

ശഅ്ബാൻ 1: യോഗത്തിനെത്തുന്നവരെ കാത്തിരിക്കുകയായിരുന്നതുകൊണ്ടും മറ്റു ചില കാരണങ്ങളാലും ഔപചാരികമായ യോഗം നടന്നില്ല. വന്നവർ ചെറിയ ചെറിയ സംഘങ്ങളായിരുന്ന് രാവിലെ മുതൽ വൈകുന്നേരം വരെ പ്രസ്ഥാനത്തെക്കുറിച്ച് അനൗപചാരികമായി ആശയവിനിമയം നടത്തിക്കൊണ്ടിരുന്നു. വൈകുന്നേരം എല്ലാവരും തർജുമാന്റെ വരാന്തയിൽ ഒത്തുകൂടി മൗദൂദിയുമായി വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഇശാ നമസ്കാരത്തിനുശേഷം ആളുകൾ പിരിഞ്ഞു അവരവരുടെ താമസസ്ഥലങ്ങളിലേക്കുപോയി.

ശഅ്ബാൻ 2: രാവിലെ 8 മണിക്കു തർജുമാനുൽഖുർആൻ ഓഫീസിൽ പ്രഥമയോഗനടപടികൾ ആരംഭിച്ചു. എല്ലാവരും താഴെ വിരിപ്പിലാണ് ഇരുന്നിരുന്നത്. മൗദൂദി സാഹിബ് അത്യാവശ്യമായത്കൊണ്ട് സദസ്യരുടെ അനുവാദം വാങ്ങിയശേഷം ഒരു കസേരയിൽ ഇരുന്നു. യഥാർഥ കാര്യപരിപാടികൾക്കു മുമ്പായി അദ്ദേഹം കാര്യമാത്ര പ്രസക്തതമായ ഒരു നീണ്ട പ്രഭാഷണം നടത്തി. അതിൽ ഒരിസ്‌ലാമിക സംഘടനയുടെ രൂപീകരണത്തിൽ എത്തിനിൽക്കുന്ന തന്റെ ചിന്തയുടെയും പ്രവർത്തനങ്ങളുടെയും വിവിധ ഘട്ടങ്ങളിലൂടെയുള്ള വികാസം അദ്ദേഹം ചുരുക്കി വിവരിച്ചു. അനന്തരം രൂപീകരിക്കാൻ പോകുന്ന സംഘടനയും നിലവിലുള്ള സംഘടനയും തമ്മിലുള്ള മൗലികമായ അന്തരങ്ങൾ വ്യക്തമാക്കി. ഈ ജമാഅത്തും പ്രവാചകന്മാരുടെ നേതൃത്വത്തിൽ രൂപംകൊണ്ട ജമാഅത്തും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കിക്കൊണ്ട്, ഈ സംഘടന മാത്രമാണ് യഥാർഥ ഇസ്‌ലാമിക സംഘടനയെന്ന, മറ്റുള്ള സംഘടനകളൊക്കെ പിഴച്ചതും അനിസ്‌ലാമികവുമാണെന്ന തെറ്റിദ്ധാരണയിൽ അകപ്പെട്ടുപോകുന്നതിനെതിരെ പ്രവർത്തകർക്ക് താക്കീത് നൽകി. ഈ സമ്മേളനം വിളിച്ചു ചേർത്ത ആളെന്ന നിലക്ക്, രൂപീകരിക്കാൻ പോകുന്ന സംഘടനയുടെ തലവനും താൻ തന്നെ ആയിരിക്കണമെന്ന യാതൊരാഗ്രവും തനിക്കില്ലെന്നും ഇസ്‌ലാമിക പ്രസ്ഥാനത്തിന് കീഴിലെ ചപ്രാസിപ്പണിയാണ് അനിസ്‌ലാമിക വ്യവസ്ഥയിൽ പ്രസിഡണ്ടോ പ്രധാനമന്ത്രിയോ ആവുന്നതിനേക്കാൾ തനിക്ക് പ്രിയതരമെന്നും അദ്ദേഹം പറഞ്ഞു. ഈ ഉപക്രമത്തിനുശേഷം അദ്ദേഹം ഭരണഘടനയുടെ കരട്‌രൂപം വായിച്ചുതുടങ്ങി. അതിന്റെ ഏതാനും കോപ്പികൾ നേരത്തെ അച്ചടിച്ച് രണ്ട് മൂന്നു ദിവസം മുമ്പ്തന്നെ യോഗത്തിനു വരുന്നവർക്ക് നൽകിയിരുന്നു. പൊതുയോഗത്തിൽ അതിനെക്കുറിച്ചു അഭിപ്രായപ്രകടനം നടത്താൻ എല്ലാവർക്കും അവസരം നൽകപ്പെട്ടു. അങ്ങനെ അതിലെ ഓരോ വാക്കും വായിച്ച് ചർച്ച ചെയ്യപ്പെട്ടു. മഗ്‌രിബ് ആയപ്പോഴാണ് ഈ യോഗം അവസാനിച്ചത്. ഇടക്ക് ഉച്ചഭക്ഷണത്തിനും സുഹ്ർ, അസർ നമസ്കാരത്തിനും വേണ്ടി മാത്രമേ യോഗം നിർത്തിവെക്കുകയുണ്ടായുള്ളൂ. ഏതാനും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും നടത്തിയപ്പോൾ ഭരണഘടന സർവസമ്മതത്തോടെ പാസാക്കപ്പെട്ടു.

ഇതിനുശേഷം മൗദൂദിസാഹിബ് ഒന്നാമതായി എഴുന്നേറ്റ് നിന്ന് ശഹാദത്ത് കലിമ ഉച്ചരിച്ചുകൊണ്ട് പറഞ്ഞു: "ഞാൻ ഇന്ന് എന്റെ വിശ്വാസം പുതുക്കി ജമാഅത്തെ ഇസ്‌ലാമിയിൽ ചേർന്നിരിക്കുന്നു." അതിനുശേഷം മൗലാനാ മൻസൂർ നുഅ്മാനി എഴുന്നേറ്റ് നിന്ന് മൗദൂദി സാഹിബ് ചേയ്തതുപോലെ വിശ്വാസം പുതിക്കയതായി പ്രഖ്യാപിച്ചു. തുടർന്ന് ഓരോരുത്തരായി എഴുന്നേറ്റു നിന്നുകൊണ്ട് അതാവർത്തിച്ചു. മിക്ക ആളുകളും തങ്ങൾ ഏറ്റെടുക്കുന്ന ഉത്തരവാദിത്വത്തിന്റെ ഭാരമോർത്ത് വിറകൊള്ളുന്നുണ്ടായിരുന്നു. എല്ലാവരും ശഹാദത്ത് നിർവഹിച്ചു കഴിഞ്ഞപ്പോൾ മൗദൂദി സാഹിബ് ജമാഅത്തെ ഇസ്‌ലാമി നിലവിൽ വന്നതായി പ്രഖ്യാപിച്ചു. "വരൂ! നമുക്കൊന്നിച്ച് റബ്ബിനോട് പ്രാർഥിക്കാം" അദ്ദേഹം പറഞ്ഞു. പ്രാർഥനക്ക് മുമ്പായി മൗദൂദി സാഹിബ് ഇസ്‌ലാമിക ജമാഅത്തിന്റെ സ്വഭാവവും ഉദ്ദേശ്യ ലക്ഷ്യങ്ങളും സംബന്ധിച്ച് ഒരിക്കൽ കൂടി സദസ്സിനെ തെര്യപ്പെടുത്തി. അനന്തരം മുഹമ്മദ് മൻസൂർ നുഅ്മാനി സാഹിബ് പ്രാർഥന ആരംഭിച്ചു. വളരെ നേരം അവർ ദൈവസന്നിധിയിൽ കരഞ്ഞ് വിറപൂണ്ട് നിലകൊണ്ടു. ഒടുവിൽ മൗദൂദിയും ഒരു ലഘുപ്രാർഥന നടത്തി. അങ്ങനെ അന്നത്തെ യോഗം സമാപിച്ചു.

ശഅ്ബാൻ 3: രാവിലെ 8 മണിക്ക് യോഗം തുടങ്ങി. ആദ്യം മൗദൂദി സാഹിബ് ഓരോ ജമാഅത്ത് അംഗത്തെയും വെവ്വേറെയായി വിളിച്ച് ജമാഅത്തിന്റെ ഏതു ശ്രേണിയിലാണ് ചേരാനാഗ്രഹിക്കുന്നതെന്ന് തിരക്കി. ജമാഅത്ത് അംഗങ്ങളുടെ ശ്രേണി തിരിച്ചുള്ള ലിസ്റ്റ് തയാറാക്കിക്കഴിഞ്ഞ ശേഷം മൗദൂദി സാഹിബ് പ്രസംഗിക്കാനായി എഴുന്നേറ്റു. സദസ്സിനെ നോക്കി അദ്ദേഹം പറഞ്ഞു: ഒരേ ആദർശവും ഒരേ ലക്ഷ്യവും ഒരേ മാർഗവും വെച്ചുപുലർത്തുന്നവർക്കുവേണ്ടി ഒരു സംഘടന ഉണ്ടായിത്തീരുന്നത് തികച്ചും സ്വാഭാവികമാണ്. സ്വരം ഒന്നാകുന്നതിന്റെ അനിവാര്യ ഫലമാണ് ഐക്യപ്പെടലും സംഘടനയും. ഭിന്ന സ്വരങ്ങളുള്ളടത്ത് മാത്രമാണ് അനൈക്യം ഉടലെടുക്കുക. ആശയൈക്യം ഉള്ളേടത്ത് തന്നെ ചിലപ്പോൾ താൻ പോരിമയുടെ പേരിൽ അനൈക്യം ഉണ്ടായേക്കാം. താൻ പോരിമയും ഒരു സ്വരമാണ് എന്നതാണ് അതിന് കാരണം. അതിൽ വിശ്വാസമർപ്പിച്ചവൻ ബാക്കി എല്ലാ കാര്യങ്ങളിലും യോജിപ്പുണ്ടായാലും സ്വന്തമായ പാതയിലൂടെ മാത്രമേ നടക്കൂ. നിങ്ങളുടെയെല്ലാം ആദർശവും ലക്ഷ്യവും മാർഗവും ഒന്നാണെന്ന് ഇന്നലെ നിങ്ങൾ സാക്ഷ്യം വഹി

ച്ചല്ലോ. അതായത് നിങ്ങളുടെയെല്ലാം സ്വരം ഒന്നാണെന്ന് നിങ്ങൾ സമ്മതിച്ചിരിക്കുകയാണ്. അങ്ങനെ നിങ്ങൾ ഒരു സംഘടനയായിത്തീർന്നിരിക്കുന്നു. ഇനി എന്നിലും നിങ്ങളിലാരിലും സത്യവിശ്വാസിയുടെ പാതയിൽനിന്ന് വ്യതിചലിപ്പിക്കുന്ന താൻപോരിമ ഉടലെടുക്കാതിരിക്കട്ടെന്ന് ഞാൻ അല്ലാഹുവിനോട് പ്രാർഥിക്കുകയാണ്. ജമാഅത്തിന്റെ ഘടനയിലേക്ക് കാലെടുത്തുവെക്കുന്നതിനു മുമ്പായി ഇസ്‌ലാമിൽ സംഘടിത ജീവിതത്തിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇത് സംബന്ധിച്ച് സുപ്രധാനമായ ചില കാര്യങ്ങൾ ഞാൻ പറഞ്ഞുകൊള്ളട്ടെ.

തുടർന്ന് അഞ്ചാറു പോയിന്റുകളിലായി സംഘടനാവ്യവസ്ഥകൾ അദ്ദേഹം വിവരിച്ചു. അതിനുശേഷം സംഘടനാനേതവിനെ സംബന്ധിച്ച ഇസ്‌ലാമിക കാഴ്ചപ്പാടും പാശ്ചാത്യ കാഴ്ചപ്പാടും തമ്മിലുള്ള അന്തരം വ്യക്തമാക്കിക്കൊണ്ട് ഇസ്‌ലാമിൽ സംഘടനാ നേതാവിനെ തെരഞ്ഞെടുക്കുമ്പൾ പ്രഥമ പരിഗണന നൽകേണ്ടത് വിശ്വാസത്തിനും ഭക്തിക്കുമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

പ്രസംഗം അവസാനിച്ച ശേഷം അമീറിനെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ച് ചർച്ച ആരംഭിച്ചു. ചർച്ചയിൽ മൂന്ന് വ്യത്യസ്ത വീക്ഷാഗതികൾ ഉരുത്തിരിഞ്ഞു വന്നു. ഉച്ചവരെ ചർച്ച ചെയ്തിട്ടും ഒരു യോജിച്ച തീരുമാനത്തിലെത്താനായില്ല.

ഒരു താൽക്കാലിക സംവിധാനമെന്ന നിലക്ക് ഒരു നിശ്ചിത കാലത്തേക്കായി അമീറിനെ തെരഞ്ഞെടുത്താൽ മതിയെന്നായിരുന്നു ഒരു വിഭാഗത്തിന്റെ അഭിപ്രായം. ഒന്നാമതായി യോഗ്യനായ ഒരാളെ തെരഞ്ഞെടുക്കാൻ മാത്രം ഇപ്പോൾ ജമാഅത്ത് വിശാലമല്ല. സംഘടന വളരുകയും യോഗ്യരായ ആളുകൾ വരികയും ചെയ്യുമ്പോൾ പ്രശ്നം എളുപ്പത്തിൽ പരിഹരിക്കാൻ കഴിയും. രണ്ടാമതായി, സംഘടനയുടെ കാഴ്ചപ്പാടും ലക്ഷ്യവുമായി യോജിപ്പുള്ള ധാരാളം ആളുകൾ പുറത്തുണ്ട്. ഇപ്പോൾ അമീറിനെ തെരഞ്ഞെടുത്താൽ അവർ ജമാഅത്തിലേക്ക് കടന്നുവരുന്നതിന് അത് തടസ്സമായേക്കാം. ജമാഅത്തിൽ ചേരുമ്പോൾ, തങ്ങളുടെ അഭിപ്രായം തേടാതെ തെരഞ്ഞെടുത്ത ഒരു അമീറിനെ കൂടി അനുസരിക്കേണ്ടി വരുമല്ലോ എന്ന് അവർ ചിന്തിച്ചാലോ? ഇക്കാരണത്താൽ അമീറിനെ ഇപ്പോൾതന്നെ തെരഞ്ഞെടുക്കുന്നത് ഭാവിയിൽ സംഘടനയുടെ വളർച്ചയ്ക്ക് തടസ്സമായിത്തീർന്നേക്കാം.

രണ്ടാമത്തെ വിഭാഗം അഭിപ്രായപ്പെട്ടത് അമീറിനെ തെരഞ്ഞെടുക്കുന്നതിന് പകരം ഒരു സമിതിയെയും അതിനൊരു അധ്യക്ഷനെയും തെരഞ്ഞെടുത്താൽ മതി എന്നായിരുന്നു. മുകളിൽ പറഞ്ഞ കാരണങ്ങൾ തന്നെയാണ് ഇവരും പറഞ്ഞത്. പ്രവാചകന്റെ പിൻഗാമിയായിരിക്കാൻ യോഗ്യനായ ഒരാളെ ഇപ്പോൾ കാണുന്നില്ല എന്ന ഒരു കാരണം കൂടി അവർ പറഞ്ഞു.

മൂന്നാമതൊരു വിഭാഗം അമീറില്ലാത്ത ഒരു ജമാഅത്ത് അർഥശൂന്യമാണെന്ന് വാദിച്ചു. താൽക്കാലിക തിരഞ്ഞെടുപ്പ് ഖുർആനിനും സുന്നത്തിനും അപരിചിതമാണ്. മാത്രമല്ല, ഒരുവശത്ത് ലോകത്തിലെ മുഴുവൻ പൈശാചിക ശക്തികളോടും യുദ്ധം പ്രഖ്യപിക്കുന്നതിന് തുല്യമായ ഒരു വിപ്ലവ സിദ്ധാന്തവുമായി രംഗത്തിറങ്ങുക, മറുവശത്ത് കാര്യപ്പെട്ട ഒരു സംരഭവും നടത്താനാവാത്തവിധം സംഘടനാവ്യവസ്ഥ അലസവും അയഞ്ഞതുമാക്കി നിർത്തുകയും ചെയ്യുക എന്നത് ബുദ്ധിപൂർവകമല്ല. നേതൃത്വമില്ലാത്ത, അഥവാ താൽക്കാലിക നേതൃത്വത്തോടുകൂടിയ ഒരു സംഘടന ഒരിക്കലും ശക്തിപ്രാപിക്കുകയില്ല. അതിനാൽ ഇപ്പോൾ തന്നെ സ്ഥിരമായ ഒരു അമീറിനെ തെരഞ്ഞെടുക്കണം.

മണിക്കൂറുകൾ നീണ്ട ചർച്ചക്ക് ശേഷവും ഒരു തീരുമാനവുമാകാതെ വന്നതിനാൽ പ്രശ്നം ഒരു ഏഴംഗ കമ്മിറ്റിക്ക് വിടാനും അവരെടുക്കുന്ന തീരുമാനം സർവരും അംഗീകരിക്കാനും ധാരണയിലെത്തി. അങ്ങനെ മൂന്ന് വിഭാഗത്തിന്റെയും സമ്മതപ്രകാരം താഴെ പറയുന്ന ഏഴംഗകമ്മറ്റി രൂപീകരിച്ചു.

1. മുഹമ്മദ് മൻസൂർ നുഅ്മാനി സാഹിബ്, ബറേലി
2. സയ്യിദ് സിബ്ഗത്തുല്ലാ ബഖ്ത്തിയാരി, മദ്രാസ്
3. സയ്യിദ് മുഹമ്മദ് ജഅ്ഫർ ഫുൽവാരി, കപൂർത്തല
4. നസീറുൽ ഹഖ്മിറഠീ, ലായൽപൂർ
5. മേസ്ത്രി മുഹമ്മദ് സിദ്ദീഖ്, സുൽത്താൻപൂർ ലോദി
6. ഡോ: സയ്യിദ് നസീർ അവി സൈദീ, ഇലാഹാബാദ്
7. മുഹമ്മദ് ബിൻഅലി അലവി കാക്കൂരി, ലഖ്നൗ

കൂലങ്കശമായ ചർച്ചക്കു ശേഷം കമ്മിറ്റി ഏകകണ്ഠമായി മൂന്നാം വിഭാഗത്തിന്റെ അഭിപ്രായം അംഗീകരിക്കുകയും മറ്റു രണ്ടു വാദഗതികളും തള്ളികക്കളയുകയും ചെയ്തു. വൈകുന്നേരം 4 മണിക്ക് രണ്ടാമത് ചേർന്ന പൊതുയോഗത്തിൽ മൻസൂർ നുഅ്മാനി സാഹിബ് കമ്മിറ്റിയുടെ റിപ്പോർട്ട് അവതരിപ്പിച്ച് ഒരു ലഘു വിശദീകരണം നൽകി. പ്രസ്തുത തീരുമാനം എല്ലാവരും അംഗീകരിക്കുകയും തദനുസാരം സയ്യിദ് അബുൽ അഅ്ലാ മൗദൂദിയെ അമീറായി ഐക്യകണ്ഠേന തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് സദസ്സ് ഒരുമിച്ച് അനുസരണ പ്രതിജ്ഞ ചെയ്തു. തലേദിവസം ശഹാദത്ത് നിർവഹണ സമയത്ത് കണ്ട അതേ രംഗങ്ങൾ ഇവിടെയും ആവർത്തിക്കപ്പെട്ടു. കരയലും വിറയലും പ്രാർഥനയുമെല്ലാം. വികാരനിർഭരമായിരുന്നു ആ അന്തരീക്ഷം.

തുടർന്ന് അമീർ ഹ്രസ്വമായ ഒരു നയപ്രഖ്യാപന പ്രസംഗം നടത്തി. വൈകീട്ട് ശൂറാ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടന്നു.

ശഅ്ബാൻ 4: കാലത്ത് എട്ടുമണിക്ക് ഒന്നാമത്തെ ശൂറായോഗം സമ്മേളിച്ച് ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു. യോഗത്തിൽ വച്ച് ജമാഅത്തിന്റെ പ്രവർത്തനങ്ങളെ താഴെപ്പറയുന്ന വകുപ്പുകളിലായി വിഭജിച്ചു.

A. വിദ്യാഭ്യാസ വൈജ്ഞാനിക വകുപ്പ്

ഇസ്‌ലാമിക ജീവിതവ്യവസ്ഥയുടെ വിവിധവശങ്ങൾ വിശദമായി പഠിക്കുക, ഇതര വ്യവസ്ഥകളെ നിരൂപണാത്മകമായി അപഗ്രഥിക്കുക, അനന്തരം ഈ പഠനത്തിന്റെ ഫലങ്ങളെ ഇസ്‌ലാമികാടിസ്ഥാനത്തിലുള്ള മാനസികവും ചിന്താപരവുമായ വിപ്ലവം സംജാതമാക്കുകയും ഇസ്‌ലാമിക വ്യവസ്ഥയുടെ സംസ്ഥാപനത്തിന് സഹായകമാവുകയും ചെയ്യുന്ന വിധത്തിൽ ശക്തമായി അവതരിപ്പിക്കുന്ന സാഹിത്യങ്ങൾ രചിക്കുക.

ഇസ്‌ലാമിന്റെ സ്വഭാവത്തോട് യോജിക്കുന്ന വിദ്യാഭ്യാസ വീക്ഷണവും വിദ്യാഭ്യാസ വ്യവസ്ഥയും ക്രോഡീകരിക്കുകയും നിലവിലുള്ള വിദ്യാഭ്യാസ സിദ്ധാന്തങ്ങളെയും വിദ്യാഭ്യാസ വ്യവസ്ഥകളെയും നിരൂപണാത്മകമായി വിലയിരുത്തുക.

പ്രസ്തുത വിദ്യാഭ്യാസ വീക്ഷണമനുസരിച്ച് പാഠ്യപദ്ധതി തയാറാക്കുകയും അധ്യാപകരെ പരിശീലിപ്പിച്ചെടുക്കുകയും ചെയ്യുക. അനന്തരം തദടിസ്ഥാനത്തിൽ ഒരു 'ദർസ്ഗാഹ്' സ്ഥാപിച്ച് വരും തലമുറക്ക് ശിക്ഷണം നൽകുക.

ഇസ്‌ലാമിക വിപ്ലവം സംഘടിപ്പിക്കാൻ യോഗ്യരായ പ്രവർത്തകരെ വാർത്തെടുക്കാൻ പര്യാപ്തമായ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുക.

ഇവയെല്ലാമായിരുന്നു ഈ വകുപ്പിന്റെ മുഖ്യജോലി. മൂന്നു വർഷം മുമ്പ് തുടങ്ങിയ ദാറുൽ ഇസ്‌ലാം ഈ വകുപ്പിനു കീഴിലാക്കി. ഈ വകുപ്പ് ജമാഅത്തിന്റെ ആസ്ഥാനത്ത് അമീറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരിക്കണമെന്നും നേതൃത്വം നൽകാൻ യോഗ്യരായ ആളുകളെ ലഭിക്കുകയാണെങ്കിൽ പുറത്ത് സാധ്യതയനുസരിച്ച് ശാഖകൾ സ്ഥാപിക്കാമെന്നും തീരുമാനിച്ചു.

ഈ വകുപ്പിൽ സേവനമനുഷ്ഠിക്കാൻ യോഗ്യതയുള്ള ആളുകളെക്കുറിച്ച വിവരം അമീറിന് എത്തിക്കാൻ അംഗങ്ങളെയും പ്രാദേശിക ജമാഅത്തുകളുടെ അമീറുമാരെയും ചുമതലപ്പെടുത്തി. വൈജ്ഞാനിക വകുപ്പിൽ സേവനമനുഷ്ഠിക്കാൻ കേന്ദ്രത്തിലേക്കയക്കുന്ന ആളുകളുടെ ചെലവുകൾ പ്രാദേശിക ജമാഅത്തുകൾ വഹിക്കണമെന്നും നിർദേശിക്കപ്പെട്ടു. അതോടൊപ്പം പുസ്തകങ്ങൾ ശേഖരിച്ച് അയച്ചുകൊണ്ടും ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ സഹായിക്കാൻ പ്രാദേശിക ജമാഅത്തുകളോട് നിർദേശിച്ചു.

B. പ്രസിദ്ധീകരണ വകുപ്പ്: വിദ്യാഭ്യാസ വൈജ്ഞാനിക വകുപ്പ് തയാറാ

ക്കുന്ന പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും പ്രചാരണവുമായിരിക്കും ഈ വകുപ്പിന്റെ ജോലി. ഈ വകുപ്പും കേന്ദ്രത്തിൽ അമീറിന്റെ മേൽനോട്ടത്തിലായിരിക്കും. പുറത്ത് ഉത്തരവാദിത്തപ്പെട്ട വ്യക്തികളുടെ മേൽനോട്ടത്തിൽ പ്രസിദ്ധീകരണ - പ്രചാരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പിന്നീട് ശ്രമിക്കും.

അംഗങ്ങളും പ്രാദേശിക ജമാഅത്തുകളും രണ്ടുവിധത്തിൽ ഈ വകുപ്പുമായി സഹകരിക്കണം.

ഒന്ന്: അച്ചടി ജോലി അറിയുന്നവരും പ്രസിദ്ധീകരണരംഗത്ത് പരിചയമുള്ളവരും പുസ്തകങ്ങൾ നടന്നുവിൽക്കുന്നതിൽ സാമർഥ്യമുള്ളവും ഈ വകുപ്പിനെ കച്ചവടപരമായി അഭിവൃദ്ധിപ്പെടുത്താൻ കഴിയുന്നവരുമായ ആളുകൾ തങ്ങളുടെ സേവനം വിട്ടുകൊടുക്കുക, പ്രദേശിക ജമാഅത്ത് അമീറുമാർ അത്തരം ആളുകളെക്കുറിച്ച വിവരം വകുപ്പ് ഡയറക്ടർക്ക് എത്തിച്ചുകൊടുക്കുക.

രണ്ട്: പ്രാദേശിക ജമാഅത്തുകൾ എല്ലായിടത്തും വായനശാലകളും ഡിപ്പോകളും സ്ഥാപിച്ച് പുസ്തകങ്ങൾ ശേഖരിച്ചുവെക്കുക.

C. സംഘടനാ വിഭാഗം:-

ഇതിന്റെ പ്രവർത്തനങ്ങൾ താഴെപ്പറയുന്നവരായിരിക്കും.

1. പ്രാദേശിക ജമാഅത്തുകൾക്ക് മേൽനോട്ടം വഹിക്കുകയും അവയുടെ റിപ്പോർട്ടുകൾ പരിശോധിച്ച് ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യുക.

2. ഒറ്റപ്പെട്ട ജമാഅത്ത് പ്രവർത്തകരുള്ള സ്ഥലങ്ങളിൽ ജമാഅത്ത് ഘടകങ്ങൾ രൂപീകരിക്കാൻ ശ്രമം നടത്തുക.

3. ജമാഅത്തിന്റെ ആദർശലക്ഷ്യങ്ങളോട് യോജിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിക്കുക.

4. പ്രസ്ഥാനത്തിന്റെ ഗതി വിലയിരുത്തിക്കൊണ്ടിരിക്കുകയും അത് ത്വരിതപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.

ഈ വകുപ്പിന്റെ ഹെഡ് ഓഫീസ് കേന്ദ്രത്തിൽ അമീറിന് കീഴിൽ ആയിരിക്കും. പുറത്ത് ഇതിന് 4 ശാഖകളും 4 അസിസ്റ്റന്റ് അമീറുമാരെയും തെരഞ്ഞെടുത്തു.

1. മീററ്റ്, ബറേലി, ആഗ്രാ ഡിവിഷൻ (മുഹമ്മദ് മൻസൂർ നുഅ്മാനി)

2. ഇലാഹബാദ്, ബനാറസ്, ഗോരഖ്പൂർ, ഫൈസാബാദ് ഡിവിഷൻ (അമീൻ അഹ്സൻ ഇസ്ലാഹി സാഹിബ്)

3. ഉമറാബാദ് കേന്ദ്രമായി മദ്രാസ് ഡക്കാൻ സംസ്ഥാനങ്ങൾ (സയ്യിദ് സിബ്ഗത്തുല്ലാഹ് ബഖ്തിയാരി സാഹിബ്)

4. അമ്പാല, ജലന്ധർ ഡിവിഷൻ (സയ്യിദ് മുഹമ്മദ് ജഅ്ഫർ ഫുൽവാരി)

D. സാമ്പത്തിക വകുപ്പ്:-

ജമാഅത്ത് അമീറിന് കീഴിൽ കേന്ദ്രത്തിൽ ഒരു ബൈതുൽമാൽ സ്ഥാപിച്ചു. പ്രാദേശികതലത്തിൽ ബൈതുൽമാൽ സ്ഥാപിക്കാൻ പ്രാദേശിക ജമാത്തുകൾക്ക് നിർദേശം നൽകി.

ഓരോ ജമാഅത്തും പ്രാദേശികമായ ആവശ്യങ്ങൾ പ്രാദേശിക വരുമാനം കൊണ്ട് നിർവഹിക്കണമെന്നും മൂന്നു മാസം കൂടുമ്പോൾ കണക്കുകൾ അസിസ്റ്റന്റ് അമീറുമാർക്ക് നൽകണമെന്നും കേന്ദ്രബൈതുൽമാൽ സഹായം ആവശ്യപ്പെടുമ്പോൾ തങ്ങളുടെ കൈവശമുള്ള തുക അയച്ചുകൊടുക്കണമെന്നും നിർദേശിക്കപ്പെട്ടു.

ജമാഅത്തിന്റെ ധമാഗമനമാർഗങ്ങൾ മൂന്ന് രൂപത്തിലായിരിക്കും. ഒന്ന്, പുസ്തക വിൽപന; രണ്ട്, സകാത്ത്; മൂന്ന്, സംഭാവനകൾ. എല്ലാ ജമാഅത്തംഗങ്ങളും സാധ്യമാകുന്നത്ര സംഖ്യ ജമാഅത്തിനു സംഭാവനയായി നൽകണമെന്നും പുറമെ നിന്നുള്ളവരുടെ സഹായം സ്വീകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. വല്ലവരും സന്തോഷപ്പെട്ട്, ഉപാധികൾ കൂടാതെ തരികയാണെങ്കിൽ സ്വീകരിക്കാം. എന്നാൽ ജമാഅത്തിന്റെ നയങ്ങളെ ബാധിക്കുമെന്ന് കണ്ടാൽ എത്രവലിയ സംഖ്യയാണെങ്കിലും സ്വീകരിക്കരുത്.

E. പ്രബോധനവിഭാഗം.

ജമാഅത്തിന്റെ പരമപ്രധാന വകുപ്പാണ് ഇത്. ജമാഅത്തിന്റെ യഥാർഥവിജയം ഇതിന്റെ പ്രവർത്തനത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഓരോ ജമാഅത്തുകാരനും ഈ വകുപ്പിലെ അംഗമാണ്. അവർ സദാ ഒരു പ്രബോധകനായിരിക്കണം. ഓരോരുത്തരും സാധ്യമകുന്ന എല്ലാ വൃത്തങ്ങളിലും ജമാഅത്തിന്റെ സന്ദേശം എത്തിക്കേണ്ടതാണ്. എങ്കിലും പ്രവർത്തന സൗകര്യത്തിനായി എട്ട് വ്യത്യസ്ത മണ്ഡലങ്ങൾ നിർണയിക്കപ്പെടുകയും ഓരോ അംഗവും തങ്ങളുടെ യോഗ്യതയനുസരിച്ച് തങ്ങൾക്ക് ഏറ്റവും യോജിച്ച മണ്ഡലത്തിൽ പ്രവർത്തിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

1. കോളേജുകൾ, ആധുനിക വിദ്യാഭ്യാസം സിദ്ധിച്ചവർ.

2. മതപണ്ഡിതന്മാർ, അറബികോളേജുകൾ

3. സൂഫികൾ, ത്വരീഖത്ത് ശൈഖുമാർ

4. രാഷ്ട്രീയ സംഘടന

5. നഗരവാസികൾ

6. ഗ്രാമീണർ

7. വനിതകൾ

8. അമുസ്ലിംകൾ

ഇതിൽ ഏത് മണ്ഡലത്തിൽ പ്രവർത്തിക്കാനാണ് തനിക്ക് ഏറ്റവുമധികം സാധിക്കുക എന്ന് ഓരോ പ്രവർത്തകനും വിലയിരുത്തണം. ജനങ്ങളുമായി അടുക്കുന്നതിനു പകരം അകന്നുപോകുന്നതിനെ പ്രത്യേകം സൂക്ഷിക്കണം. പ്രബോധനപ്രവർത്തനങ്ങൾക്കിടയിൽ നേരിടുന്ന പ്രയാസങ്ങളിൽ പ്രാദേശിക അമീറിന്റെയോ അസിസ്റ്റന്റ് അമീറിന്റെയോ മാർഗദർശനമനുസരിച്ചായിരിക്കണം പ്രവർത്തിക്കുന്നത്.

**നിർദേശങ്ങൾ**

ശഅ്ബാൻ 4. തലേദിവസം അംഗീകരിച്ച പ്രവർത്തനപരിപാടികൾ അമീർ വായിച്ചു വിശദീകരിക്കുകയും തത്സംബന്ധമായി ചില നിർദേശങ്ങൾ നൽകുകയും ചെയ്തു.

1. ഒരു പ്രദേശത്ത് ജമാഅത്തിൽ ചേർന്ന രണ്ടുപേരുണ്ടെങ്കിൽ അവിടെ നിർബന്ധമായും ഒരു പ്രാദേശിക ജമാഅത്ത് രൂപീകരിക്കേണ്ടതാണ്. അവരിൽ കൂടുതൽ യോഗ്യനായ ആളെ അമീറായി തെരഞ്ഞെടുക്കുകയും അനന്തരം അമീറെ ജമാഅത്തിനെ വിവരമറിയിച്ച് തെരഞ്ഞെടുപ്പിന് അംഗീകാരം വാങ്ങുകയും വേണം. ഇതുതന്നെയാണ് രണ്ടിൽ കൂടുതൽ അംഗങ്ങളുള്ള സ്ഥലങ്ങളിലും സ്വീകരിക്കേണ്ട സ്വഭാവം.

2. സംഘടനാ താൽപര്യം മുൻനിർത്തി അമീർ ആരെയെങ്കിലും പ്രാദേശിക ജമാഅത്തിന്റെ അമീറായി നിശ്ചയിക്കാതിരിക്കുകയോ ഒരാളെ തൽസ്ഥാനത്ത് നിന്ന് നീക്കി പകരം മറ്റൊരാളെ നിശ്ചയിക്കുകയോ ചെയ്താൽ ഒരിക്കലും ദുർവിചാരമരുത്. ഇക്കാര്യത്തിൽ വ്യക്തിയെ ആദരിക്കുകയല്ല, ലക്ഷ്യത്തെ സഹായിക്കലാണ് മുഖ്യമായിട്ടുള്ളത്. അതിനാൽ നേതൃസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരിൽ വിശ്വാസമർപ്പിക്കേണ്ടതാണ്. സംഘടനയുടെ ഉത്തമ താൽപര്യങ്ങൾ മുൻനിർത്തിയാണ് പിരിച്ചുവിടലും നിയമനവുമെല്ലാം എന്ന് മനസ്സിലാക്കണം.

3. ജമാഅത്തിൽ പുതുതായി കടന്നുവന്നവർ നല്ല ഉത്തരവാദിത്ത ബോധത്തോടെ ശഹാദത്ത്കലിമ പുതുക്കേണ്ടതുണ്ട്. ഈമാൻ പുതുക്കുന്നതിനർഥം ഇന്നേവരെ കാഫിറായിരുന്ന അയാൾ ഇപ്പോൾ മുസ്ലിമാവുകയാണ് എന്നല്ല, അല്ലാഹുവുമായുള്ള കരാർ പുതുക്കി ഉറപ്പിക്കുന്നുവെന്നേ അതിനർഥമുള്ളൂ.

4. ജമാഅത്തിൽ ചേരുന്ന വ്യക്തികൾ ഇസ്ലാമിക പ്രസ്ഥാത്തിന്റെ സാഹിത്യങ്ങൾ ഗണ്യമായ തോതിൽ വായിച്ചിരിക്കേണ്ടതുണ്ട്. പ്രസ്ഥാനത്തിന്റെ നാനാവശങ്ങളെയും മനസ്സിലാക്കുകയും പ്രസ്ഥാനപ്രവർത്തകർക്കിടയിൽ ബുദ്ധിപരവും കർമപരവുമായ ഐക്യം ഉണ്ടായിരിക്കുകയുമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അക്ഷരാഭ്യാസമില്ലാത്തവർക്ക് വാമൊഴിയായി പ്രസ്ഥാനത്തെക്കുറിച്ച് പറഞ്ഞു മനസ്സിലാക്കി അവരിൽ മാനസിക പരിവർത്തനമുണ്ടാക്കാണം. ഈയാവശ്യാർഥം ഓരോ പ്രാദേശിക ജമാഅത്തിലും നമ്മുടെ സാഹിത്യങ്ങളിൽ അവഗാഹം നേടിയ ഒന്നോ രണ്ടോ പേരെങ്കിലും ഉണ്ടായിരിക്കണം.

5. പ്രാദേശിക അമീറുമാർ, അംഗങ്ങളുടെ കഴിവുകൾ വിലയിരുത്തുകയും ഓരോരുത്തർക്കും യോജിച്ച ജോലികൾ ഏൽപിച്ചു കൊടുക്കുകയും വേണം.

6. പ്രാദേശിക ജമാഅത്തുകളുള്ള സ്ഥലങ്ങളിൽ വെള്ളിയാഴ്ച രാവിലെയോ വൈകുന്നേരമോ ജുമുഅക്ക് ശേഷമോ പ്രവർത്തകർ ഒത്തുകൂടി ആഴ്ചയിലെ

പ്രവർത്തനങ്ങൾ വിലയിരുത്തുകയും ബൈത്തുൽമാലിന്റെ കണക്കുകൾനോക്കുകയും പുതുതായി പ്രസിദ്ധീകരിക്കപ്പെട്ട ഏതെങ്കിലും പ്രാസ്ഥാനികസാഹിത്യം വായിക്കുകയും തുടർന്ന് ഭാവിപരിപാടികൾ വിലയിരുത്തുകയും വേണം.

7. അല്ലാഹുവുമായുള്ള ബന്ധമാണ് സംഘടനയുടെ ജീവൻ. അല്ലാഹുവുമായുള്ള ബന്ധം ദുർബലമായാൽ ഹുകൂമത്തെ ഇലാഹിയ്യഃ സ്ഥാപിക്കാനും വിജയകരമായി നടത്താനും സാധിക്കില്ല. അതിനാൽ നിർബന്ധാരാധനകൾക്കൊപ്പം സുന്നത്തുകളിലും നിഷ്ഠ പുലർത്തണം. സുന്നത്ത് നമസ്കാരം, സുന്നത്ത് നോമ്പ്, ദാനധർമം തുടങ്ങി മനസ്സിൽ ഇഖ്ലാസുണ്ടാക്കുന്ന ആരാധനകളിൽ കൂടുതൽ താൽപര്യം കാണിക്കണം. നമസ്കാരം മനസ്സറിഞ്ഞു നിർവഹിക്കണം. നമസ്കരിക്കുമ്പോൾ, അല്ലാഹുവിന്റെ മുമ്പിൽ താൻ ഏറ്റുപറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പാലിക്കുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തിനോക്കണം. വല്ല വീഴ്ചയും കാണുകയാണെങ്കിൽ അല്ലാഹുവിനോട് മാപ്പിരക്കേണ്ടതാണ്. ഭാവിയിൽ ആ വീഴ്ച പരിഹരിക്കാൻ ശ്രമിക്കുകയും വേണം. ആരാധനകളിൽ പതിവായി അനുഷ്ഠിക്കാൻ സാധിക്കുന്ന കാര്യങ്ങളിൽ നിഷ്ഠപാലിച്ചാൽ മതി. ഹദീസുകൾകൊണ്ട് സ്ഥിരപ്പെടാത്ത കാര്യങ്ങളിൽനിന്ന് അകന്നുനിൽക്കണം. ഹദീസുകളുടെ സാധുത ഹദീസു പണ്ഡിതന്മാരിൽനിന്നാണ് മനസ്സിലാക്കേണ്ടത്. മറ്റുള്ളവരെ എത്ര വലിയ മഹാനായാലും ഹദീസ് പണ്ഡിതനല്ലെങ്കിൽ ഹദീസിന്റെ കാര്യത്തിൽ പ്രമാണമാക്കരുത്. തെറ്റാണെന്ന് എല്ലാവരും മനസ്സിലാക്കുന്ന കാര്യമല്ല ഏറ്റവും അപകടകാരിയായ ബിദ്അത്ത്, മറിച്ച് നല്ലതാണെന്ന് മനസ്സിലാക്കി ശരീഅത്തിൽ കൂട്ടിച്ചേർക്കുന്ന കാര്യങ്ങളാണ്. ജമാഅത്ത് അംഗങ്ങൾ ഖുർആനും സീറഃയും സഹാബികളുടെ ചരിത്രവും പഠിക്കാൻ പ്രത്യേക താൽപര്യം പ്രകടിപ്പിക്കണം. ആദർശം ഗ്രഹിക്കാൻ വേണ്ടി മാത്രമല്ല, മാർഗദർശനവും മാതൃകയും ഉൾകൊള്ളുവാനും കൂടിയായിരിക്കണം ഈ പഠനം. ഖുർആൻ നന്നായി പഠിപ്പിക്കാനറിയുന്ന ആൾ ഉള്ള സ്ഥലങ്ങളിൽ ഖുർആൻ പഠന ക്ലാസുകൾ ആരംഭിക്കണം.

ഒരു വലിയ അവകാശവാദവുമായി മഹത്തായ കാര്യത്തിന് ഇറങ്ങിത്തിരിച്ചവരാണ് തങ്ങളെന്ന് ജമാഅത്തംഗങ്ങള മനസ്സിലാക്കണം. സ്വഭാവചര്യകളിൽ താൻ പിന്നോക്കമാണെങ്കിൽ ഈ അവകാശവാദമെല്ലാം പരിഹാസ്യമായിത്തീരും. ഇവിടെ പ്രവർത്തകർക്ക് ഇരട്ട ഉത്തരവാദിത്തമാണുള്ളത്. അല്ലാഹുവിന്റെ മുമ്പിൽ ഏതായാലും ഉത്തരം ബോധിപ്പിക്കേണ്ടി വരും. എന്നാൽ പടപ്പുകളുടെ മുമ്പിലുള്ള ഉത്തരവാദിത്വവും ഭാരിച്ചതാണ്. അതിനാൽ നാട്ടുകാർക്കിടയിൽ സ്വഭാവചര്യകൾകൊണ്ട് ഉയർന്നു നിൽക്കണം. പോരാ, നിങ്ങളുടെ ഉന്നതമായ സ്വഭാവവും ഗുണവും വിശ്വസ്തതയും ഭക്തിയും നാട്ടുകാർക്കിടയിൽ സംസാരവിഷയമാകണം. നിങ്ങളിൽ നിന്നുണ്ടാകുന്ന നിസ്സാര വീഴ്ചകൾപോലും പ്രസ്ഥാനത്തിന്റെ മുഖത്തല്ല ഇസ്‌ലാമിന്റെ മുഖത്ത് തന്നെ കളങ്കം ചാർത്തും.

10. ജമാഅത്ത് പ്രവർത്തകർ ഒരിക്കലും മുസ്‌ലിംകളിൽ നിന്നും ഒരു പ്രത്യേക വിഭാഗമായി വേറിട്ടു നിൽക്കാൻ പാടില്ല. നമസ്കാരവും ജമാഅത്തുമൊന്നും വേറെ നിർവഹിക്കരുത്. തർക്കവിതർക്കങ്ങളിലേർപ്പെടരുത്. വാശിയും എതിർപ്പും മൂലം പ്രസ്ഥാനത്തെ ചർച്ചാവിഷയമാക്കുമ്പോൾ ക്ഷമയും സഹനവും കൈക്കൊള്ളണം. (പ്രത്യേകിച്ച് എന്നെക്കുറിച്ച് ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ ഞാൻ തന്നെ എനിക്കുവേണ്ടി മറുപടി പറയുകയില്ല. എന്റെ സഹപ്രവർത്തകരും അനാവശ്യമായി അത്തരം കാര്യങ്ങളിൽ സമയം പാഴാക്കരുതെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്) താൽപര്യപൂർവമന്വേഷിക്കുന്നവർക്കു തെളിവുകൾ നിരത്തി കാര്യം ബോധ്യപ്പെടുത്തിക്കൊടുക്കണം. എന്നാൽ ചർച്ച ചൂടുപിടിക്കുന്നതായി തോന്നിയാൽ ഉടനെ നിർത്തിക്കളയണം. തർക്കംകൊണ്ട് ഒരു പ്രശ്നവും പരിഹരിക്കപ്പെടുകയില്ല. നിരവധി പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യും.

11. ഇസ്‌ലാമിക പ്രസ്ഥാനത്തിന് സ്വന്തമായ ഒരു രീതിയുണ്ട്. മറ്റു സംഘടനകളുടെ രീതികളെ അതുമായി കൂട്ടിക്കെട്ടരുത്. ഇതര സംഘടനകളിൽ പ്രവർത്തിച്ച്, അവയുടെ രീതികളുമായി പരിചയപ്പെട്ടവർ ഈ സംഘടനയിൽ വരുന്നതോടെ തങ്ങളിൽ വലിയ മാറ്റം വരുത്തേണ്ടതുണ്ട്. നാം ഖുർആനിൽനിന്നും സുന്നത്തിൽനിന്നുമാണ് നമ്മുടെ പ്രവർത്തനരീതി ഉൾകൊള്ളേണ്ടത്. നാവും തൂലികയും മറ്റും കൊണ്ട് ജനങ്ങളെ മയക്കിയെടുക്കുകയല്ല നിങ്ങൾ ചെയ്യേണ്ടത്. അവർക്ക് ഇസ്‌ലാമിനെ കുറിച്ച ജ്ഞാനം നൽകുക. പ്രസംഗകരും എഴുത്തുകാരുമെല്ലാം ഓരോ വാക്കും പൂർണ ഉത്തരവാദിത്വ ബോധത്തോടെ ഗൗരവപൂർവം ഉപയോഗിക്കണം.

12. പ്രസ്ഥാനവുമായി ബന്ധമില്ലാത്ത പ്രശ്നങ്ങളിൽ ഇടപെട്ട് സമയം പാഴാക്കരുത്. പൊതുതെരഞ്ഞെടുപ്പുകൾ, സാമുദായിക കലാപങ്ങൾ, വിവിധകക്ഷികളും വിഭാഗങ്ങളും തമ്മിലുള്ള വഴക്കുകൾ ഇവയിൽനിന്നൊക്കെ അകന്ന് ഏകാഗ്രതയോടെ ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കണം.

13. പ്രബോധനപ്രവർത്തനങ്ങളിൽ യുക്തി ദീക്ഷയുടെയും സദുപദേശത്തിന്റെയും മാർഗമവലംബിക്കണം. സംബോധിതന്റെ മനസ്സറിയുകയും അവന്റെ തെറ്റിദ്ധാരണയുടെ കാരണം കണ്ടെത്തി സന്ദർഭത്തിന് യോജിച്ച രീതിയിൽ അത് പരിഹരിക്കുകയുമാണ് യുക്തിദീക്ഷ. പ്രബോധിതനെ ശത്രുവോ എതിരാളിയോ ആയി ഗണിക്കാതെ, അനുകമ്പയോടും ഗുണകാംക്ഷയോടും കൂടി പ്രബോധനം നടത്തുന്നതാണ് സദുപദേശത്തിന്റെ രീതി. തനിക്കൊരു മാർഗദർശനവും ആവശ്യമില്ലെന്ന മട്ടിൽ ജീവിതത്തിൽ മുഴുകിയിരിക്കുന്നവരുടെ പിറകെ കൂടി സമയം പാഴാക്കരുത്. അത്തരമാളുകളെ വിട്ടുകളയുക. പറയുന്നത് കേൾക്കാൻ തയാറുള്ളപ്പോൾ മാത്രം ആളുകളോട് പ്രബോധനം നടത്തുക....”

ഉപര്യുക്ത നിർദേശങ്ങൾ നൽകിയ ശേഷം അമീറും ശൂറാ അംഗങ്ങളും മറ്റൊരു മുറിയിൽ സമ്മേളിച്ച അംഗങ്ങളെ ഓരോരുത്തരെയായി വിളിച്ച് അവരുടെ സാഹചര്യങ്ങളും യോഗ്യതകളും അനുസരിച്ച് ജോലികൾ ഏൽപിച്ചുകൊടുത്തു. പ്രാദേശിക ജമാഅത്തുകൾ രൂപീകൃതമായ സ്ഥലങ്ങളിൽ അമീറുമാരെയും നിശ്ചയിച്ചു.

തലേദിവസത്തെ ജോലികളിൽ അവശേഷിച്ചവ പൂർത്തിയാക്കിയ ശേഷം പൊതുയോഗം സമാപിച്ചു. തുടർന്ന് ശൂറാ മെമ്പർമാരുമായി ചർച്ച നടത്തി താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

a) ജമാഅത്ത് പ്രവർത്തകരിലുള്ള എഴുത്തുകാർ രാജ്യത്തെ വിവിധ പത്രമാസികകളിലൂടെ ജമാഅത്തിന്റെ സന്ദേശം പ്രചരിപ്പിക്കുകയും ജമാഅത്തിനെ ക്കുറിച്ച തെറ്റിദ്ധാരണകൾ ദൂരീകരിക്കാൻ ശ്രമിക്കുകയും ചെയ്യുക.

b) ജമാഅത്ത് അംഗങ്ങളുടെ വാർഷിക സമ്മേളനങ്ങൾ ഓരോ വർഷവും സംഘടിപ്പിക്കുക. കാലാവസ്ഥയും മറ്റും പരിഗണിച്ച് മാർച്ച് മാസത്തിലായിരിക്കും സമ്മേളനം. സമ്മേളന സ്ഥലത്തുവെച്ച് അമീർ അനുയോജ്യരെന്നു മനസ്സിലാക്കുന്നവരെയും പ്രാദേശിക അമീറുമാർ ശുപാർശ ചെയ്യുന്നവരെയും ഒരു മാസക്കാലം കേന്ദ്രത്തിൽ താമസിപ്പിച്ച് തർബിയത്ത് നൽകും.

c) തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകർ വർഷത്തിലൊരിക്കൽ വിവിധ ഗ്രൂപ്പുകളായി രാജ്യത്തിന്റെ പലഭാഗങ്ങളിലും പര്യടനം നടത്തി പൊതുപ്രബോധനപരിപാടികൾക്കു പുറമെ കോളേജുകൾ, യൂണിവേഴ്സിറ്റികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രചാരണം നടത്തും.

d) ജമാഅത്ത് നേരത്തെ ഒരു വാരിക തുടങ്ങാൻ തീരുമാനിക്കുകയും അതിനുവേണ്ടി അബ്ദുല്ലാമിസ്രി സാഹിബിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ജനാബ് നസ്റുല്ലാഖാൻ അസീസ് ജമാഅത്തിൽ ചേർന്നതോടെ ഇതിന്റെ ആവശ്യം ഇല്ലാതായിരിക്കുന്നു. ജമാഅത്തിന്റെ ആവശ്യങ്ങൾക്ക് ജനാബ് അസീസ് സാഹിബിന്റെ ലാഹോറിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന “മുസൽമാൻ” മതിയെന്ന് തീരുമാനിച്ചു.